# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. സംസ്കൃതത്തിൻറെ പുനരുജ്ജീവനവും പരിപാലനവും പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യവുമായി ഇന്ന് ലോക സംസ്കൃത ദിനം. അറിവിന്റെയും ആവിഷ്കാരത്തിന്റെയും കാലാതീതമായ ഉറവിടമാണ് സംസ്കൃതമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Today is World Sanskrit Day, with the aim of promoting the revival and preservation of Sanskrit. Prime Minister Narendra Modi said that Sanskrit is an eternal source of knowledge and creativity.**

2. 2024-25 സാമ്പത്തിക വർഷത്തിൽ രാജ്യത്തെ പ്രതിരോധ ഉൽപ്പാദനം വൻ വളർച്ച കൈവരിച്ചതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

   **The annual defence production has soared to an all-time high figure in the financial year 2024-25 says Defence Minister Rajnath Singh.**

3. ജമ്മു-കശ്മീരിലെ കുൽഗാം ജില്ലയിൽ ഭീകരരുമായിയുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് സൈനികർക്ക് വീരമൃത്യു.

   **In Jammu & Kashmir, two Army jawans have succumbed to injuries in Kulgam district.**

4. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ കരട് വോട്ടർപട്ടിക പുതുക്കുന്നതിന് ഈ മാസം 12 വരെ അവസരം.

**In Kerala, there is an opportunity to update the draft voter list for the local body elections until the 12th of this month.**

5. ട്രെയിൻ യാത്രക്കാർക്ക് മടക്കയാത്രകളിൽ 20 ശതമാനം കിഴിവ് നൽകുന്ന റൗണ്ട് ട്രിപ്പ് പാക്കേജ് പദ്ധതിയുമായി റെയിൽവേ മന്ത്രാലയം.

   **Railways has decided to implement a round trip package scheme under which a 20 percent discount will be given to passengers on return journeys.**

6. അണ്ടർ - 19 ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഏഴ് വനിതകൾ ഉൾപ്പെടെ 10 ഇന്ത്യൻ താരങ്ങൾ ഫൈനലിൽ.

   **Ten Indian boxers, including seven women, to vie for Gold in U19 Asian Championships in Bangkok after booking their berth in final.**

&&&&&&&&&&&&&&&&&&

## HEADLINE 1

## PM SANSKRIT DAY

ഇന്ന് ലോക സംസ്കൃത ദിനം. സംസ്കൃതത്തിൻറെ പുനരുജ്ജീവനവും പരിപാലനവും പ്രോത്സാഹിപ്പിക്കുകയാണ് ദിനാചരണത്തിൻറെ ലക്ഷ്യം. സംസ്കൃതം അറിവിൻറേയും ആവിഷ്കാരത്തിൻറേയും കാലാതീതമായ ഉറവിടമാണെന്ന് ദിനാചരണ സന്ദേശത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. സംസ്കൃതത്തെ ജനകീയമാക്കുന്നതിന് സർക്കാർ നിരവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## Sanskrit day (Intro)

സംസ്കൃതത്തിന് ദേശീയ വിദ്യാഭ്യാസ നയത്തിൽ വലിയ പ്രോത്സാഹനമാണ് നൽകിവരുന്നതെന്ന് തിരുവനന്തപുരം സംസ്കൃതകോളേജ് വ്യാകരണവകുപ്പ് മേധാവിയും പ്രൊഫസറുമായ ഡോ.പ്രദീപ് വർമ്മ. ഐഐടി മദ്രാസ് ഉൾപ്പെടെ അനേകം സ്ഥാപനങ്ങൾ സംസ്കൃതത്തെ ഗവേഷണവിഷയമായി

തെരഞ്ഞെടുത്തിട്ടുണ്ടെന്നും അദ്ദേഹം ആകാശവാണി വാർത്തകളോട് പറഞ്ഞു.
(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&

## PM- PUTIN

പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി സംസാരിച്ചു. യുക്രൈനുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ സംഭവവികാസങ്ങൾ ഇരുനേതാക്കളും ചർച്ച ചെയ്തു. പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കുക എന്ന ഇന്ത്യയുടെ നിലപാട് പ്രധാനമന്ത്രി ആവർത്തിച്ചു.

23-ാമത് ഇന്ത്യ- റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ റഷ്യൻ പ്രസിഡൻറിനെ ശ്രീ. നരേന്ദ്ര മോദി ഇന്ത്യയിലേക്ക് ക്ഷണിച്ചു.

&&&&&&&&&&&&&&&&

## HEADLINE 2

## Rajnath singh

2024-25 സാമ്പത്തിക വർഷത്തിൽ രാജ്യത്തെ പ്രതിരോധ ഉൽപ്പാദനം വൻ വളർച്ച കൈവരിച്ചതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. വാർഷിക പ്രതിരോധ ഉൽപ്പാദനം എക്കാലത്തെയും ഉയർന്ന നിരക്കായ 1 ലക്ഷത്തി 50,590 കോടി രൂപയായി ഉയർന്നെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 18 ശതമാനം കൂടുതലാണിത്. ഇന്ത്യയുടെ വ്യാവസായിക പ്രതിരോധ അടിത്തറ ശക്തിയാർജ്ജിക്കുന്നതിൻറെ തെളിവാണിതെന്നും ശ്രീ രാജ്നാഥ് സിംഗ് സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## HEADLINE 3

## JK-ENCOUNTER

ജമ്മു-കശ്മീരിലെ കുൽഗാം ജില്ലയിൽ നടന്ന ഏറ്റുമുട്ടലിൽ രണ്ട് സൈനികർക്ക് വീരമൃത്യു. 2 പേർക്ക് പരിക്കേറ്റു. കഴിഞ്ഞ 9 ദിവസമായി സൈന്യവും ഭീകരരും ഈ മേഖലയിൽ ഏറ്റുമുട്ടൽ തുടരുകയാണ്. ഒളിച്ചിരിക്കുന്ന തീവ്രവാദികൾക്ക്

രക്ഷപ്പെടാൻ കഴിയുന്നില്ലെന്ന് ഉറപ്പാക്കാൻ സൈന്യം രുദ്ര ഹെലികോപ്റ്ററുകൾ, ഡ്രോണുകൾ, പാരാ കമാൻഡോകൾ എന്നിവയെ വിന്യസിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## HEADLINE 5

### RAILWAYS RETURN JOURNEY

ട്രെയിൻ യാത്രക്കാർക്ക് മടക്കയാത്രകളിൽ 20 ശതമാനം കിഴിവ് നൽകുന്ന റൗണ്ട് ട്രിപ്പ് പാക്കേജ് പദ്ധതി നടപ്പിലാക്കുമെന്ന് റെയിൽവേ മന്ത്രാലയം. ഒരേ യാത്രക്കാർക്ക് വേണ്ടി യാത്രക്കും മടക്കയാത്രക്കും ടിക്കറ്റ് ബുക്ക് ചെയ്യുമ്പോഴാണ് ഇത് ബാധകമാവുന്നതെന്ന് റെയിൽവേ പ്രസ്താവനയിൽ അറിയിച്ചു. ഈ പദ്ധതി പ്രകാരം ബുക്ക് ചെയ്ത ടിക്കറ്റുകൾക്ക് റീഫണ്ട് അനുവദനീയമല്ലെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&

### ECI RAHUL

വോട്ട് ചോർത്തൽ സംബന്ധിച്ച് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി ഉന്നയിച്ച അവകാശവാദങ്ങൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തള്ളി. കഴിഞ്ഞ ദിവസം വാർത്താ സമ്മേളനത്തിൽ അദ്ദേഹം ഉന്നയിച്ച വിഷയങ്ങൾ സത്യ പ്രസ്താവനയായി സമർപ്പിക്കണമെന്നും അല്ലെങ്കിൽ രാജ്യത്തോട് മാപ്പ് പറയണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. 2024 ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ 36 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും വോട്ടർ പട്ടിക തയ്യാറാക്കുമ്പോൾ കോൺഗ്രസ് ഒരു അപ്പീലും ഫയൽ ചെയ്തിട്ടില്ലെന്നും കമ്മീഷൻ വ്യക്തമാക്കി. മഹാരാഷ്ട്ര തിരഞ്ഞെടുപ്പ് വിഷയം സംബന്ധിച്ച് ഡിസംബറിൽ തന്നെ രാഹുൽ ഗാന്ധിയ്ക്ക് മറുപടി നൽകിയിരുന്നുവെന്നും കമ്മീഷന്റെ വെബ്സൈറ്റിൽ ഇത് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത് ഇതുവരെ 34 കോടിയിലധികം രൂപയുടെ വരുമാനം നേടിയതായി കേന്ദ്രസർക്കാർ. അധിക ചെലവുകൾ ഇല്ലാതെ നിലവിലെ ആഭ്യന്തരസൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് ആകാശവാണി പരിപാടി നിർമിക്കുന്നതെന്ന് കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ ഇന്നലെ രാജ്യസഭയിൽ രേഖാമൂലം അറിയിച്ചു.

&&&&&&&&&&&&&&&&

## TOMATO PRICE

കനത്ത മഴയാണ് ഡൽഹിയിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും തക്കാളിയുടെ വില വർദ്ധിക്കാൻ കാരണമെന്ന് കേന്ദ്രസർക്കാർ. എന്നാൽ കഴിഞ്ഞ ഏതാനും ദിവസങ്ങളായി ആസാദ് പുർ മാണ്ടിയിൽ നിന്നുള്ള തക്കാളിയുടെ വരവ് സാധാരണ നിലയിൽ ആയിട്ടുണ്ട്. ഇതോടെ വില കുറയുമെന്നാണ് പ്രതീക്ഷയെന്നും കേന്ദ്ര ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&

## HEADLINE 4

## VOTERS LIST – KERALA

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ വോട്ടർപട്ടിക പുതുക്കലിൻറെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ ഇന്നും നാളെയും പ്രവർത്തിക്കും. കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള തീയതി ഈ മാസം 12 വരെ നീട്ടിയിട്ടുണ്ട്. 2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&

## V SIVANKUTTY

ബന്ധുക്കളിൽ നിന്ന് ദുരനുഭവങ്ങൾ നേരിടുന്ന സ്കൂൾ വിദ്യാർത്ഥികളെ കണ്ടെത്തി സംരക്ഷണം നൽകാൻ കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകി. സുരക്ഷാ മിത്രം എന്ന് പേരിട്ടിരിക്കുന്ന പദ്ധതിയിലൂടെ കുട്ടികൾ നേരിടുന്ന അതിക്രമങ്ങൾ കുറയ്ക്കാനും അത്തരം സംഭവങ്ങൾ ചെറുക്കാനും സാധിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. കുട്ടികൾക്ക് സുരക്ഷിതമായി പരാതികൾ അറിയിക്കാൻ എല്ലാ സ്കൂളുകളിലും 'ഹെൽപ് ബോക്സ്' സ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

## KANNUR (INTRO)

ഇത്തവണത്തെ ഓണത്തിന് പ്രധാനമന്ത്രിക്കും ഏഴ് കേന്ദ്ര മന്ത്രിമാർക്കും കേരളം ഔദ്യോഗിമായി നൽകുന്ന ഓണക്കോടിക്കുള്ള തുണി നിർമ്മിക്കുന്നത് കണ്ണൂരിൽ നിന്നാണ്. ചൊവ്വയിലെ, ലോക്നാഥ് വീവേഴ്സിനാണ് തുടർച്ചയായ മൂന്നാം വർഷവും ഈ അവസരം ലഭിച്ചത്.

**ആകാശവാണി ക ണ്ണൂർ ജില്ലാ പ്രതിനിധി**
**കെ ഒ ശശിധരൻ ത യ്യാറാക്കിയ റിപ്പോർട്ട്...**

(വോയ്സ്)

&&&&&&&&&&&&&&&&

## OLAVENNA

79-ാമത് സ്വാതന്ത്ര്യദിനാഘോഷത്തിൽ വിശിഷ്ടാതിഥിയായി കോഴിക്കോട് ഒളവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി. ശാരുതി പങ്കെടുക്കും. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന സൂചികയുടെ ഭാഗമായി കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രായം ആദ്യമായി പ്രസിദ്ധീകരിച്ച റാങ്കിംഗിൽ ഒളവെണ്ണ എ ഗ്രേഡ് നേടിയിരുന്നു.

&&&&&&&&&&&&&&&&

**HEADLINE 6**

**ASIAN BOXING U-19**

ബാങ്കോക്കിൽ നടക്കുന്ന അണ്ടർ 19 ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ, ഏഴ് വനിതകൾ ഉൾപ്പെടെ 10 ഇന്ത്യൻ താരങ്ങൾ ഫൈനലിൽ പ്രവേശിച്ചു. ഇതിന് പുറമെ പുരുഷ വിഭാഗത്തിൽ മൗസം സുഹാഗ്, രാഹുൽ കുണ്ടു, ഹേമന്ത് സാങ്‌വാൻ എന്നിവരാണ് ഫൈനലിലെത്തിയത്. 80 കിലോഗ്രാം വിഭാഗത്തിൽ കൃതിക നേരിട്ട് ഫൈനലിൽ പ്രവേശിച്ചു.

&&&&&&&&&&&&&&&&

**RAKSHA BANDHAN**

സഹോദരീ-സഹോദരന്മാർ തമ്മിലുള്ള ഊഷ്മള ബന്ധത്തിന്റെ ഉത്സവമായ രക്ഷാ ബന്ധൻ ഇന്ന് രാജ്യമെമ്പാടും ആഘോഷിക്കുന്നു. സ്ത്രീകൾ സഹോദരന്മാരുടെ കൈത്തണ്ടയിൽ രാഖി കെട്ടി അവരുടെ അഭിവൃദ്ധിക്കായി പ്രാർത്ഥിക്കുമ്പോൾ പുരുഷന്മാർ സഹോദരിമാരുടെ സംരക്ഷണത്തിനായുള്ള പ്രതിജ്ഞയെടുക്കുന്നു. രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് രക്ഷാബന്ധൻ ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&

**HAR GHAR THIRANGA**

79-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്തുടനീളം "ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത" ക്യാമ്പൻ പുരോഗമിക്കുന്നു. ഓഗസ്റ്റ് 15 വരെയാണ് ക്യാമ്പയിൻ. പരിപാടിയുടെ ഭാഗമായി തിരംഗ ഘോഷയാത്രകൾ, ശുചിത്വ റാലികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിൽ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയിൽ 'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' ക്യാമ്പയിൻ നടന്നു.

&&&&&&&&&&&&&&&&

**UTTARAKHAND**

മിന്നൽ പ്രളയം ദുരന്തം വിതച്ച ഉത്തരാഖണ്ഡിലെ ഉത്തരകാശിയിൽ ധരാലി മേഖലയിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

അതിവേഗം പുരോഗമിക്കുന്നു. ഇതുവരെ അറുനൂറോളം പേരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റിയിട്ടുണ്ട്. പ്രദേശത്തേക്കുള്ള വൈദ്യുതി വിതരണം പുനഃസ്ഥാപിച്ചു. അവശ്യവസ്തുക്കൾ ഹെലികോപ്റ്റർ മാർഗം എത്തിക്കുന്നുണ്ട്.

&&&&&&&&&&&&&&&&

## Delhi Rain

കനത്ത മഴയെത്തുടർന്ന് ഡൽഹിയിലെ നിരവധി പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. ഡൽഹിയിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ശക്തമായ മഴയെ തുടർന്ന് 105-ലധികം വിമാന സർവീസുകൾ വൈകി. പ്രതികൂല കാലാവസ്ഥ തുടരുന്ന സാഹചര്യത്തിൽ സ്പൈസ് ജെറ്റ്, ഇൻഡിഗോ ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ യാത്രക്കാർക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## RAILWAY TRAIN

ഏഷ്യയിലെ ഏറ്റവും നീളം കൂടിയ ചരക്ക് തീവണ്ടിയുടെ പരീക്ഷണ ഓട്ടം വിജയകരമായി നടത്തി ഇന്ത്യൻ റെയിൽവേ. നാലര കിലോമീറ്റർ നീളമുള്ള ചരക്ക് തീവണ്ടി രുദ്രാസ്ത്രയാണ് ഉത്തർപ്രദേശിലെ ഗന്ധർ റെയിൽവേ സ്റ്റേഷനിൽ നിന്ന് ജാർഖണ്ഡിലെ ഗർവ്വ വരെ പരീക്ഷണ ഓട്ടം നടത്തിയത്. 209 കിലോമീറ്റർ ദൂരം ഏകദേശം അഞ്ചുമണിക്കൂർ 10 മിനിറ്റിനുള്ളിലാണ് പിന്നിട്ടത്.

&&&&&&&&&&&&&&&&

## CM-KERALA

കേരളത്തിൽ, പട്ടികവർഗ വികസന വകുപ്പിൻറെ സുവർണ ജൂബിലിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഒരുവർഷത്തെ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവ്വഹിക്കും. പട്ടികവർഗ വിദ്യാർത്ഥികൾക്കായി പുതുതായി

ആരംഭിക്കുന്ന സ്മാർട്ട് പഠനമുറി പദ്ധതിയുടെ പ്രഖ്യാപനവും നടക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&& &&&&&&&&&&&& &&&&&&&&